# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3736      11.11.2019- ൽ മറുപടിയ്ക്ക്

### നോർക്ക മുഖേനയുള്ള പ്രവാസി പുനരധിവാസപദ്ധതികൾ

| **ചോദ്യം**<br>ശ്രീ.എം.സ്വരാജ് | **മറുപടി**<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| തൊഴിൽരഹിതരായ പ്രവാസികൾക്ക് നോർക്ക മുഖേന നടത്തി വരുന്ന പുനരധിവാസപദ്ധതികൾ ഏതെല്ലാം; വിശദാംശം അറിയിക്കുമോ? | പ്രവാസ ജീവിതം അവസാനിപ്പിച്ച് മടങ്ങിവരുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പാ പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പ്രസ്തുത പദ്ധതിയിൻ കീഴിൽ കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവ്വീസ് മേഖല, നിർമ്മാണ മേഖല, ബിസിനസ്സ് എന്നീ മേഖലകളിൽ വായ്പ നൽകി വരുന്നുണ്ട്.<br>തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം രൂപ) 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് ഈ പദ്ധതി മുഖേന ലഭിക്കുക. സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും, പദ്ധതിരേഖകൾ |

| | |
| --- | --- |
| | തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാൻ വേണ്ട സഹായവും സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് വഴി ലഭിക്കും. നോർക്ക പുനരധിവാസ പദ്ധതി പ്രകാരം നിലവിൽ 14 ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാകും. |

**സെക്ഷൻ ഓഫീസർ**